**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5941** **25-03-2025 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിൽ 33 കെ.വി ലൈൻ ഷിഫ്റ്റ് ചെയ്യുന്നതിനുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് ഇലക്ട്രിക്കൽ ഡിവിഷന്റെ പരിധിയിൽ 33 കെ.വി. ലൈൻ ഷിഫ്റ്റ് ചെയ്യുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | രണ്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ബി) | 33 KV ലൈൻഷിഫ്റ്റ് ചെയ്യുന്നതിന് രാജപുരം കെ.എസ്.ഇ.ബി.എൽ ഇലക്ട്രിക്കൽ സെക്ഷനിൽ അപേക്ഷ ലഭിക്കുകയുണ്ടായി പ്രസ്തുത സ്ഥലം പരിശോധിച്ച് തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം പ്രസ്തുത 33 KV ലൈൻ 110 KV കാഞ്ഞങ്ങാട് സബ്സ്റ്റേഷനി ൽനിന്നും 33 KV ബേളൂർ സബ്സ്റ്റേഷനിലേക്കും അവിടെ നിന്ന് 33 KV രാജപുരം സബ്സ്റ്റേഷനിലേക്കും വൈദ്യുതി പ്രവഹിപ്പിക്കുന്ന ലൈനാണ്. ഈ അപേക്ഷകന്റെ ലൈൻ ഷിഫ്റ്റ് ചെയ്യണമെങ്കിൽ 3 ദിവസമെങ്കിലും രാവിലെ 8 മണിമുതൽ വൈകുന്നേരം 6 മണി വരെ വൈദ്യുതി വിതരണം പൂർണ്ണമായും നിർത്തി വെക്കേണ്ടിവരും. ഇത് രാജപുരം, ബളാംതോട് സെക്ഷനുകളിലെ ഇരുപതിനായിരത്തിന് മുകളിലുള്ള ഉപഭോക്താക്കളെ ബാധിക്കുന്നതോടൊപ്പം വൈദ്യുതി ബോർഡിന് ലഭിക്കേണ്ട വരുമാനം ഗണ്യമായി കുറയാനും ഇടയാക്കും. ഈ ലൈൻ ഓഫ് ചെയ്താൽ പകരം വൈദ്യുതി എത്തിക്കാൻ സംവിധാനം ഇല്ലാത്ത സ്ഥിതി നിലവിലുണ്ട്. നിർദ്ദിഷ്ട അമ്പലത്തറ ബേളൂർ 33 കെ.വി ലൈൻ യാഥാർത്ഥ്യമാകുന്ന മുറയ്ക്ക് ഈ ജോലി വൈദ്യുതി തടസ്സം കൂടാതെ നിർവ്വഹിക്കാവുന്നതാണ് എന്ന് കെ.എസ്.ഇ.ബി.എൽ അറിയിച്ചിട്ടുണ്ട്. ആദ്യം ലഭിച്ച അപേക്ഷ പ്രകാരം 2023 ൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക 9,93,396 രൂപയാണ്. |

സെക്ഷൻ ഓഫീസർ